**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3950** **06-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | 26.07.2020 ന് മത്സ്യബന്ധനത്തിനിടെ വള്ളം മറിഞ്ഞ് മരണപ്പെട്ട വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ പള്ളിപ്പോർട്ട്കരയിൽ അന്നനടയ്ക്കൽ വീട്ടിൽ ലീലാധരന്റെ ക്ഷേമനിധി ആനുകൂല്യങ്ങൾ ടിയാളുടെ കുടുംബത്തിന് ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | ശ്രീ. ലീലാധരൻ 26.07.2020 ന് മത്സ്യബന്ധനത്തിനിടയിൽ അപകടത്തിൽ മരണപ്പെട്ടതുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഇൻഷുറൻസ് ക്ലെയിം അപേക്ഷയിൽ അനന്തരവകാശ സർട്ടിഫിക്കറ്റ്, കെമിക്കൽ അനാലിസിസ് റിപ്പോർട്ട്, ന്യൂസ് പേപ്പർ കട്ടിംഗ്, ഡയാറ്റം ടെസ്റ്റ് റിപ്പോർട്ട് എന്നീ രേഖകൾ കൂടി ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ആവശ്യപ്പെട്ടിരുന്നു. ആയത് എറണാകുളം മേഖല ഓഫീസിൽ നിന്നും അപേക്ഷകയെ അറിയിച്ചിട്ടുണ്ട്. ആവശ്യപ്പെട്ട രേഖകൾ അപേക്ഷകയിൽ നിന്ന് ലഭ്യമാകാത്തതിനാലാണ് ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസ മുണ്ടാകുന്നത്. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | (ബി) | ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷയിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ